(ബി) ഇതേ കാലയളവിൽ മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും ഔദ്യോഗിക വസതി മോടിപിടിപ്പിക്കൽ, അതിഥിസൽക്കാരം എന്നീ ഇനങ്ങളിൽ എത്ര തുക വീതം ചെലവഴിച്ചു എന്ന് വെളിപ്പെടുത്താമോ;

(സി) ഈ കാലയളവിൽ എത്ര മന്ത്രിമാർ ഔദ്യോഗിക ആവശ്യാർത്ഥം വിദേശ യാത്ര നടത്തിയിട്ടുണ്ടെന്നും എത്രതുക ചെലവഴിച്ചു എന്നും അറിയിക്കാമോ;

(ഡി) ഇതേ കാലയളവിൽ സ്വകാര്യ ആവശ്യാർത്ഥം എത്ര മന്ത്രിമാർ വിദേശയാത്ര നടത്തിയെന്നുള്ളതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) 1. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി

2. ,, കെ. എം. മാണി

3. ,, കെ. സി. വേണുഗോപാൽ എന്നീ മന്ത്രിമാർ വിദേശയാത്ര നടത്തി. അവർ ചെലവഴിച്ച തുകയുടെ വിവരം ശേഖരിച്ചുവരുന്നു.

(ഡി) 1. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

2. ,, ഇ. റ്റി. മുഹമ്മദ് ബഷീർ

3. ,, ഡൊമിനിക് പ്രസന്റേഷൻ

4. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ

5. ,, ആര്യാടൻ മുഹമ്മദ്

6. ,, കെ. കുട്ടി അഹമ്മദ് കുട്ടി എന്നീ മന്ത്രിമാർ സ്വകാര്യ ആവശ്യാർത്ഥം വിദേശയാത്ര നടത്തി.

ഡൽഹിയിലെ ട്രാവൻകൂർ ഹൗസും കപൂർത്തല പ്ലോട്ടും ലാഭകരമാക്കുന്നതിന് നടപടി

10 [11] *ശ്രീ. പി. ടി. തോമസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡൽഹിയിലുള്ള ട്രാവൻകൂർ ഹൗസും കപൂർത്തല പ്ലോട്ടും ലാഭകരമായും പ്രയോജനപ്രദമായും വിനിയോഗിക്കുവാൻ എന്തെങ്കിലും പരിപാടിയുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ട്രാവൻകൂർ ഹൗസിലെ എത്രമുറികൾ ഇപ്പോൾ ഒഴിഞ്ഞുകിടക്കുന്നു; എത്ര മുറികൾ വാടകയ്ക്ക് കൊടുത്തിട്ടുണ്ട്;

† അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly

(സി) വാടകയിനത്തിൽ എന്ത് വരവുണ്ട്;

(ഡി) കപൂർത്തല പ്ളോട്ടിന്റെ വിസ്തൃതി എത്രയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഡൽഹിയിലെ ട്രാവൻകൂർഹൗസ് കേരളസർക്കാരിന്റെ ഇൻഫർമേഷൻ, സാംസ്കാരിക, ടൂറിസം പ്രൊമോഷൻ കേന്ദ്രമായും, കപൂർത്തല പ്ളോട്ട് സംയുക്ത സംരംഭത്തിൽ റസിഡൻഷ്യൽ കേന്ദ്രമായി വികസിപ്പിക്കുന്നതിനുമുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലിരിക്കുകയാണ്.

(ബി) ട്രാവൻകൂർ ഹൗസ് പാലസിൽ 5349.37 ച.അടി ഇപ്പോൾ ഒഴിഞ്ഞുകിടപ്പുണ്ട്. 7320.3 ച. അടി സ്ഥലം വാടകയ്ക്ക് കൊടുത്തിട്ടുണ്ട്.

(സി) വാടകയിനത്തിൽ പ്രതിമാസം 1,68,500 രൂപ എസ്. ബി. ടി.-യിൽ നിന്നും ലഭിച്ചുവരുന്നു.

(ഡി) 3.89 ഏക്കർ.

ഡോ. അംബേദ്ക്കറുടെ പ്രതിമ സ്ഥാപിക്കാൻ നടപടി

11 [12] *ഡോ. എ. നീലലോഹിതദാസൻ നാടാർ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന നിയമസഭാമന്ദിരത്തിന് മുന്നിൽ ഭരണഘടനാശില്പി ഡോ. അംബേദ്ക്കറുടെ പ്രതിമ സ്ഥാപിക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്നാണ് ഈ തീരുമാനം കൈക്കൊണ്ടത്?

ഉത്തരം

(എ) ഭരണഘടനാശില്പി ഡോ. അംബേദ്ക്കറുടെ പ്രതിമ നിയമസഭാമന്ദിരത്തിനു മുന്നിൽ സ്ഥാപിക്കാൻ സർക്കാർ സ്പീക്കറോട് ശുപാർശ ചെയ്തിട്ടുണ്ട്.

(ബി) 30-5-2001-ന് ചേർന്ന മന്ത്രിസഭായോഗമാണ്.

മുഖ്യമന്ത്രിയുടെ ജനസമ്പർക്കപരിപാടി

12 [13] *ശ്രീ. സി. പി. മുഹമ്മദ് :*
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. പി. ശങ്കരൻ :
„ എം. എ. ചന്ദ്രശേഖരൻ:
„ എൻ. ഡി. അപ്പച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്കപരിപാടിയിൽ ആകെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly